# വിപശ്യനാ പത്രികാ

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

Vol. 4, No. 01 : ജനവരി 2011 — വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
മലയാളം മാസ പത്രിക — ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര

***ധർമ്മ വാണി***

| | |
|---|---|
| *സീലഗന്ധസമോ ഗന്ധോ,* | ശീലഗന്ധ സമം |
| *കുതോ നാമ ഭവിസ്സതി,* | വേറേ ഏതു ഗന്ധമുണ്ട്, |
| *യോ സമം അനുവാതേ ച* | കാറ്റിനോപ്പവും, കാറ്റിനെതിരായും |
| *പടിവാതേ ച വായതി.* | സമം വീശുന്നവ |

— **വിസുദ്ധിമഗ്ഗ വീ. ആർ. ഐ. 1.9**

# സമ്യക് ദർശനം എന്താണ?

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 12 ാം ഭാഗം.)*

പ്രാചീന ഭാരതത്തിലെ ആര്യധർമ്മത്തിന്റെ മൂന്നു ഭാഗങ്ങൾ – ശീലം, സമാധി, പ്രജ്ഞ. ശീലപാലനം ചെയ്യൽ വളരെ നന്മ തരുന്നതാണ്, വളരെ മംഗളകരമാണ്. ശീലവാനായ വ്യക്തി തന്നെത്താൻ പീഢനം ചെയ്യുന്നില്ല. സ്വയവും സുഖമയമായ ജീവിതം ജീവിക്കുന്നു, മറ്റുള്ളവർക്കും സുഖജീവിതം ജീവിക്കുന്നതിന് സഹായിക്കുന്നു. മറ്റുള്ളവരെ പീഢിപ്പിക്കുന്നില്ല, വളരെ നല്ലതാണ്, ധർമ്മത്തിന്റെ അടിസ്ഥാനമാണ്, അടിത്തറയാണ്, എന്നാൽ ആരെങ്കിലും ഇങ്ങനെ വിചാരിക്കുകയാണ് – കേവലം ശീലപാലനം ചെയ്തുകൊണ്ടു മാത്രം ഞാൻ മുഴുവൻ ദുഖങ്ങളിൽ നിന്നു വിമുക്തമായിത്തീരും, മുഴുവൻ വികാരങ്ങളിൽ (മനോമാലിന്യം) നിന്നും വിമുക്തമായിത്തീരും, ഭവവിമുക്തമായിത്തീരും – എങ്കിൽ തെറ്റായ കാര്യമാണ്. അങ്ങനെ സംഭവിക്കുന്നില്ല. ഉള്ളിലെ വികാരമാകട്ടെ അത്തരത്തിൽ തന്നെ കിടക്കുകയാണ്, അവയുടെ നിഷ്കാസനം നടക്കുന്നില്ല. അപ്പോൾ ശീലം തന്നെത്താൻ നല്ലതാണ് എന്നാൽ നല്ലത് ഇക്കാരണത്താലാണ് – സമ്യക് സമാധിയുടെ അടുത്ത ചുവട് എടുക്കാൻ സാധിക്കും.

സമ്യക് സമാധിയാണെങ്കിൽ ചിത്തം ഏകാഗ്രവും ആകുന്നു. അതിന്റെ വൃത്തിയാകുന്ന പ്രക്രിയയും തുടങ്ങുന്നു. പുറമെ–പുറമെ വൃത്തി ആയി–ആയി, ഒരതിരുവരെ, ആഴങ്ങൾവരെയും വൃത്തിയാക്കൽ നടക്കുന്നു. അപ്രകാരം അന്നത്തെ കാലത്തെ ഭാരതത്തിൽ എട്ടു പ്രകാരത്തിലുള്ള ധ്യാനം ഉണ്ടായിരുന്നു. ആദ്യ ധ്യാനത്തിൽ ഇത്ര വൃത്തിയാകൽ ഉണ്ടായി, രണ്ടാമത്തേതിൽ ഇത്രയായി, ഇപ്രകാരം ചെയ്തു ചെയ്ത് എട്ടാമത്തെ ധ്യാനം വരെ എത്തിയാൽ മനസ്സ് വളരെ വൃത്തിയായി. വളരെ വൃത്തിയായി. സമ്യക് സംബുദ്ധനാകുന്നതിനു മുമ്പ് ഈ ഗൃഹത്യാഗി സിദ്ധാർത്ഥ ഗൗതമൻ ആ സമയത്തെ രണ്ടു വലിയ ആചാര്യൻമാരുടെ അടുത്തു പോയി ഏഴാമത്തെയും എട്ടാമത്തെയും ധ്യാനം പഠിച്ചു. മനസ്സ് വളരെ നിർമ്മലവുമായി. എന്നാൽ വികാരങ്ങളുടെ വേരുകൾ നീങ്ങിയില്ല എന്നു കണ്ടു. അനേക ജന്മങ്ങളായി സഞ്ചിതമായ വികാരങ്ങളുടെ ഏതൊരു വേരുകളുണ്ടോ, അവ ഇതുവരെ നിലനില്ക്കുകയാണ്. അവ നീങ്ങാതെ മുഴുവൻ മുക്തി ആകില്ല. അതിനാൽ അന്വേഷണം ചെയ്ത്–ചെയ്ത് ഈ വിപശ്യന വിദ്യ തിരഞ്ഞു കണ്ടുപിടിച്ചു. പ്രജ്ഞ ഉണർന്നു. പ്രജ്ഞ ഉണർന്നപ്പോൾ മാത്രം വേരുകൾ പുറത്തു വരാനുള്ള ജോലി തുടങ്ങി. പ്രജ്ഞ ഉണരാതെ ആരെങ്കിലും വിചാരിക്കുകയാണ് – ഞാൻ സ്വന്തം മനസ്സിനെ നിതാന്ത നിർമ്മലമാക്കും, അങ്ങനെ സംഭവിക്കുന്നില്ല. നമ്മുടെ ശീലം ദൃഢമാകണം, പുഷ്ടമാകണം, സമ്യക് ആകണം, ശുദ്ധമാകണം, അപ്പോൾ സമാധി സമ്യക് ആകും, ശുദ്ധമാകും, ബലവാനാകും. അപ്പോൾ നമ്മൾ കാണും – പ്രജ്ഞ ഉണരാനുള്ള ജോലി തുടങ്ങി.

മുക്തി മാർഗ്ഗത്തിന്റെ എട്ട് അംഗങ്ങൾ – മൂന്ന് അംഗം ശീലത്തിനകം വന്നു, മൂന്ന് അംഗം സമാധിയിൽ വന്നു. ബാക്കി അവശേഷിച്ച രണ്ട് അംഗം പ്രജ്ഞയിൽ – സമ്മാ സങ്കപ്പോ, സമ്മ ദിട്ഠി. 'സങ്കപ്പോ'– സങ്കല്പ–വികല്പങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. വിചാര–വിതർക്കങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. ചിത്തം തീർത്തും നിർവ്വികല്പമാകണം, തീർത്തും നിർവ്വിചാരമായിത്തീരണം, അപ്പോഴെ പ്രജ്ഞ

ഉണരാൻ തുടങ്ങുള്ളു എന്നില്ല. അങ്ങനെ ആകുന്നില്ല. ഇപ്പോൾ വിചാരം നടന്നു കൊണ്ടിരിക്കുകയാണ് എന്നാൽ വിചാരങ്ങളിൽ ഒരു മാറ്റം വരാൻ തുടങ്ങി, ഒരു പരിവർത്തനം വരാൻ തുടങ്ങി, നല്ലതിലേക്ക് തിരിയാൻ തുടങ്ങി.

എപ്രകാരം പുതിയ പുതിയ സാധകൻ ഒരു തപോഭൂമിയിൽ വന്ന് ജോലി തുടങ്ങുമ്പോൾ പാവം എന്തു സംഭവിക്കുന്നു? – ജോലി തുടങ്ങുമ്പോൾ ഏതൊരു വിചാരം ഉയരുന്നോ, വളരെ മലിനമായ വിചാരം ഉയരുന്നു. വികാരങ്ങളുടെ വിചാരം ഉയരുന്നു എന്തെന്നാൽ അത്തരത്തിലുള്ള സംഗ്രഹമാണ് ശേകരിച്ച് വച്ചിരിക്കുന്നത്. വളരെ സംഗ്രഹം ചെയ്തു വച്ചിരിക്കുകയാണ്. ചിലർ ക്രോധത്തോടു ക്രോധത്തിന്റെ വികാരം സംഗ്രഹിച്ചു വച്ചിരിക്കുകയാണ്. മുഴുവൻ ജോലിയും ഇത്തരത്തിലാണ് – ഇതിൽ മനസ്സിന്റെ ഓപ്പറേഷൻ തുടങ്ങി എന്നിട്ട് എപ്പോൾ കുരുവിന്റെ ഓപ്പറേഷൻ തുടങ്ങിയോ, പഴുപ്പ് പുറത്തു വരാൻ തുടങ്ങി. അയ്യോ പഴുപ്പല്ലെ വരികയുള്ളു. കുരുവിൽ നിന്ന് പനിനീർ എവിടെ വരാൻ? ഓപ്പറേഷൻ തുടങ്ങിയാൽ ഏതൊരു അഴുക്ക് പുറമെ-പുറമെയുണ്ടോ, അത് പൊട്ടി മുന്നിൽ വരാൻ തുടങ്ങി, പോന്തി വരാൻ തുടങ്ങി. വളരെ ക്രോധത്തിന്റെ ഭാവമുണ്ടെങ്കിൽ – ചിന്തയിൽ, സങ്കല്പ-വികല്പത്തിൽ ക്രോധത്തോടു ക്രോധം, ഹിംസ, പ്രതിഹിംസയുടെ ഭാവന, പ്രതികാരത്തിന്റെ ഭാവനയേ വരികയുള്ളു. അവൻ ഇങ്ങനെ ചെയ്തു, അവൻ അങ്ങനെ പറഞ്ഞു. അവനോട് അങ്ങനെ പകരം വീട്ടും, അവനോട് ഇങ്ങനെ പകരം വീട്ടും – ഇത്തരത്തിലുള്ള വിചാരങ്ങൾ.

ആർക്കെങ്കിലും ഭയത്തിന്റെ സംസ്കാരം വളരെ അധികമുണ്ട് – ജോലി തുടങ്ങിയ ഉടനെ, ഈ കാര്യത്തിന്റെ ഭയം, ആ കാര്യത്തിന്റെ ഭയം. ചിലരിൽ കാമവാസനയുടെ വളരെ സംസ്കാരമുണ്ട്, അപ്പോൾ ജോലി തുടങ്ങിയപ്പോൾ തന്നെ കാമ-വാസന ഉണർന്നു. ഈ വികാരങ്ങൾ – ഏതൊന്ന് വളരെ ആഴത്തിലുണ്ടോ, ഈ വികാരങ്ങളുടെ ഏതൊരു തടിച്ച-തടിച്ച പാളികൾ മനസ്സിലുണ്ടോ, പൊട്ടാൻ തുടങ്ങി, പൊന്തിവരാൻ തുടങ്ങി. അപ്പോൾ ചിന്തകൾ ആ പ്രകാരത്തിൽ ആകാൻ തുടങ്ങി. ഒരു ദിവസം കഴിഞ്ഞു, രണ്ടു ദിവസം കഴിഞ്ഞു, മുന്നു ദിവസം കഴിയുമ്പോൾ കാണുന്നു, ഓ, ഇപ്പോൾ വിചാരങ്ങളിൽ മാറ്റം വരാൻ തുടങ്ങി. ഏതൊരു ചീത്ത വിചാരങ്ങളുണ്ടായിരുന്നോ, വികാരങ്ങളാൽ നിറഞ്ഞിരുന്ന വിചാരമുണ്ടായിരുന്നോ – അവയുടെ പുറത്തു വരൽ ശരിയായിരുന്നു. വിചാരം പൊന്തി വരുന്നു, നമ്മൾ നമ്മുടെ ജോലി ചെയ്തു കൊണ്ടിരിക്കുന്നു, ശ്വാസത്തെ നോക്കി ക്കൊണ്ടിരിക്കുന്നു. അപ്പോൾ പതുക്കെ പതുക്കെ അവയുടെ പാളികൾ ഇറങ്ങിപ്പോകുന്നു, ഇറങ്ങിപ്പോകുന്നു. സങ്കല്പ വികല്പം ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു, വിചാരം ഇപ്പോഴും നടക്കുന്നു എന്നാൽ ഇപ്പോൾ ധർമ്മ സംബന്ധമായ വിചാരം വരാൻ തുടങ്ങി, ഹിംസ പ്രതിഹിംസയുടെ വിചാരമല്ല, കാമ-വാസനയുടെ വിചാരമല്ല. ഇപ്പോഴാകട്ടെ – ധർമ്മം ഇങ്ങനെയാണ്, ഇത്തരം ധർമ്മത്തിൽ ഞാൻ നടക്കുകയാണ്. ഈ മാർഗ്ഗം നല്ലതാണ്... ഇതിന്റെ ചിന്തകൾ നടക്കുന്നു. എന്നാൽ ചിന്തകൾ ആകട്ടെ ഉണ്ടാകുന്നുണ്ട്. ചില സമയത്ത് ഏതെങ്കിലും വികാരവും ഉണരുന്നുണ്ട് എന്നാൽ അത്ര ആഴത്തിലുള്ളതല്ല. സൂര്യൻ ഉദിച്ചിട്ടുണ്ട് എന്നാൽ അതിന്റെ മുന്നിൽ വളരെ കട്ടികൂടിയ കറുത്ത കറുത്ത മേഘങ്ങളുണ്ട് – അപ്പോൾ അന്ധകാരം തന്നെ അന്ധകാരം. മേഘങ്ങൾ മാറാൻ തുടങ്ങി. കറുത്ത കറുത്ത മേഘങ്ങൾ മാറി. കട്ടി കൂടിയ മേഘങ്ങൾ മാറി. ഇപ്പോൾ അല്പം വെളുത്ത വെളുത്ത മേഘങ്ങളുണ്ട്. എന്നാൽ മേഘങ്ങൾ ഇപ്പോഴുമുണ്ട്. എന്നാൽ പ്രകാശം അറിയാൻ തുടങ്ങി, അല്പം പ്രകാശം അറിയാൻ തുടങ്ങി. മതി, ഇതേപോലെ എവിടെ സങ്കല്പം സമ്യക് ആയോ, പ്രജ്ഞയിലേക്ക് മുന്നേറാൻ തുടങ്ങി. അതിനാൽ ഇതിനെ പ്രജ്ഞയുടെ ഒരംഗം എന്നു വിളിച്ചു എന്തെന്നാൽ ആദ്യം നമ്മുടെ വിചാരം ശുദ്ധമാകട്ടെ.

ഇനി ഇതിനു ശേഷം അടുത്ത ചുവട് ആകും – സമ്മാ ദിട്ഠി, അതായത് സമ്യക് ദർശൻ. ഈ ശബ്ദം വളരെ ഭ്രമം ജനിപ്പിക്കുന്നതാണ്. 'ദർശൻ' ശബ്ദം തന്നെത്താൻ വളരെ ഭ്രാന്തി ജനിപ്പിക്കുന്നു, വളരെ ഭ്രാന്തി ജനിപ്പിക്കുന്നു. ഇന്നാകട്ടെ ഉണ്ട് താനും. ഇരുപത്തഞ്ച്-ഇരുപത്തിയാറ് ശതാബ്ധിക്കു മുമ്പുള്ള ഭാരതത്തിലും വളരെ ഭ്രമം ജനിപ്പിക്കുന്നവയായിരുന്നു. ഭാഷ എത്രതന്നെ സമൃദ്ധമായാലും ശരി, കൂടാതെ ആ സമയത്തിലെ ഭാഷകളാകട്ടെ വളരെ സമൃദ്ധം, വിശേഷിച്ച് ആദ്ധ്യത്മ ക്ഷേത്രത്തിലെ ഭാഷ വളരെ സമൃദ്ധം. എന്നാൽ എത്രതന്നെ സമൃദ്ധമായിത്തീർന്നാലും അതിന് ഒരു അതിരുണ്ട്. ചിലചില കാര്യങ്ങളിൽ പാവം ദരിദ്രമായിത്തീരുന്നു. അതിന് വേറെ ശബ്ദമൊന്നും ലഭിക്കുന്നില്ല. അതിനാൽ വളരെ പ്രാവശ്യം ഇത്തരത്തിലാകുന്നു – ഒരേ ശബ്ദം അനേകാർത്ഥി ആയിത്തീരുന്നു, അതിന് അനേക അർത്ഥം ഉണ്ടാകുന്നു.

അന്നത്തെ ദിവസങ്ങളിലെ ഭാരതത്തിലും ദർശന ശബ്ദത്തിന് അനേക അർത്ഥങ്ങളു ണ്ടായിരുന്നു, ഇന്നും അനേകം അർത്ഥമുണ്ട്. ഒരു വളരെ പ്രചലിതമായ അർത്ഥമാകട്ടെ ഇതാണ് – ദർശനമെന്നാൽ കാണൽ. കണ്ണു തുറന്നു നോക്കി, ഏതെങ്കിലും രൂപം നോക്കി. ഏതെങ്കിലും നിറം നോക്കി, ഏതെങ്കിലും പ്രകാശം നോക്കി. എതെങ്കിലും ആകൃതി നോക്കി. ഇത് നോക്കൽ, ഇത് ദർശനം. സമ്യക് ദർശനവുമായി ഇതിന് ദൂരത്തിലുള്ള സംബന്ധം പോലും ഇല്ല, ഇതിൽ കുരുങ്ങാൻ പാടില്ല. ഈ രൂപം, നിറം, പ്രകാശം, ആകൃതി നോക്കുന്നതിനുള്ള ദർശനം 'ദർശനം' അല്ല.

ഒരർത്ഥം കൂടി, അത് ധ്യനത്തിന്റെ ക്ഷേത്രത്തിൽ ഉണ്ടായിരുന്നു, ആദ്യത്മത്തിന്റെ ക്ഷേത്രത്തിൽ നടന്നിരുന്നു. അനേക പ്രകാരത്തിലുള്ള ധ്യാനമുണ്ട്, ഇന്നും ചെയ്യുന്നുണ്ട്, ആ ദിനങ്ങളിലും ചെയ്തിരുന്നു. കല്പനകളുടെ ധ്യാനം ഉണ്ടായിരുന്നു. കണ്ണടച്ച് ഏതെങ്കിലും ദേവിയുടെ ദേവതയുടെ, ഈശ്വരന്റെ ബ്രഹ്മാവിന്റെ, അള്ളാഹുവിന്റെ, ബുദ്ധന്റെ, മഹാവീരന്റെ അല്ലെങ്കിൽ സ്വന്തം ഗുരു, ഏതെങ്കിലും മഹാത്മാവിന്റെ രൂപം മനസ്സിൽ കൊണ്ടു വന്ന് ധ്യാനം ചെയ്യുന്നു. വേണമെങ്കിൽ അവൻ ആ ആകൃതി കണ്ടിട്ടേയില്ലായിരിക്കും, ഒരിക്കലും ആ രൂപം കണ്ടിട്ടില്ലായിരിക്കും. ഒരു ചിത്രകാരൻ സ്വന്തം കല്പനയാൽ ആ ചിത്രം ഉണ്ടാക്കി, ഇപ്പോൾ അവന് ആ കാല്പിത ചിത്രം തന്നെ അവന്റെ സാധനയുടെ

ആധാരം ആയിത്തീർന്നു. എതെങ്കിലും പ്രതിമ നിർമ്മിക്കുന്നവൻ സ്വന്തം കല്പനയാൽ ഏതെങ്കിലും പ്രതിമ ഉണ്ടാക്കി, ഇപ്പോൾ ആ പ്രതിമ അവന്റെ കല്പനയുടെ ആധാരമായിത്തീർന്നു. അല്ലെങ്കിൽ ഏതെങ്കിലും സാഹിത്യകാരൻ ശബ്ദത്താൽ ഏതെങ്കിലും ചിത്രം വരച്ചു അതിനെ പഠിച്ച്, പഠിച്ച് ഒരു കാല്പനീക ചിത്രം മുന്നിൽ വന്നു എന്നിട്ട് അതിന്റെ ധ്യാനം ചെയ്യാൻ തുടങ്ങി. ഇപ്രകാരം കല്പനകളുടെ ധ്യാനമാണ്. എപ്രകാരമായാലും ശരി, സ്വന്തം മനസ്സിൽ ഒരു മൂർത്തി – ഇന്ന ദേവിയുടെ രൂപം ഇത്തരത്തിലാണ്, ഇന്ന ദേവതയുടെ രൂപം ഇത്തരത്തിലാണ്. ആരെ ഞാൻ ഈശ്വരനെന്ന് വിളിക്കുന്നുവോ, അദ്ദേഹത്തിന്റെ രൂപം ഇപ്രകാരമാണ്. ഏതിനെ ആത്മാവെന്ന് വിളിക്കുന്നുവോ അതിന്റെ രൂപം ഇപ്രകാരമാണ്. ഇങ്ങനെ ഇപ്പോൾ അതിന്റെ ധ്യാനം ചെയ്തു കൊണ്ടിരിക്കുകയാണ്.

ധ്യാനത്തിന്റെ ഒരു നിയമം ഇതാണ് – വീണ്ടും, വീണ്ടും, വീണ്ടും, വീണ്ടും ഏതൊരു രൂപം അല്ലെങ്കിൽ ആകൃതി അല്ലെങ്കിൽ നിറം അല്ലെങ്കിൽ പ്രകാശത്തിന്റെ ധ്യാനം ചെയ്യുമോ, കൂടാതെ ചെയ്തു കൊണ്ടു പോകുമോ, ഒരു അവസ്ഥ വരും – അതിന്റെ ബാഹ്യ പ്രക്ഷേപണം ആകാൻ തുടങ്ങും. ഏതിന്റെ മുദ്ര മനസ്സിൽ കിടക്കുന്നുണ്ടായിരുന്നോ, ഇപ്പോൾ അത് അടച്ച കണ്ണിന്റെ മുന്നിൽ കാണാൻ തുടങ്ങി. ആ ദേവിയുടെ രൂപം കാണാൻ തുടങ്ങും, ആ ദേവതയുടെ രൂപം കാണാൻ തുടങ്ങും, ആ ഈശ്വരന്റെ രൂപം കാണാൻ തുടങ്ങും, ആ ബ്രഹ്മാവിന്റെ രൂപം കാണാൻ തുടങ്ങും, ആ ആത്മാവിന്റെ രൂപം കാണാൻ തുടങ്ങും. ഇത് സ്വന്തം ആനുഭവത്താലും അറിയുന്നുണ്ട് കൂടാതെ അനേക സാധകർ വിപശ്യന ശിബിരങ്ങളിൽ വരുന്നുണ്ട്, അവർ സാധന ചെയ്തുകൊണ്ട് സ്വന്തം അനുഭവം പറയുന്നുണ്ട്, അതിൽ നിന്നും സ്വീകരിക്കുന്നുണ്ട്. ഈ ബാഹ്യപ്രക്ഷേണം ആകാൻ തുടങ്ങി. ധർമ്മത്തിന്റെ പൂർണ്ണ അറിവ് ഇല്ലെങ്കിൽ സാധകൻ ഇതിനാൽ വളരെ പ്രസന്നമാകുന്നു. ഓ, എനിക്ക് ദേവിയുടെ ദർശനമുണ്ടായി, എനിക്ക് ദേവതയുടെ ദർശനമുണ്ടായി. എനിക്ക് ഈശ്വര ദർശനമുണ്ടായി. എനിക്ക് എന്റെ ആത്മാവിന്റെ ദർശനമുണ്ടായി. ഞാൻ പറയും, ഇതുണ്ടായി, വളരെ നല്ല കാര്യം. എന്നിരുന്നാലും സ്വന്തം ശരീരത്തിനെപ്പറ്റിയുള്ള സത്യമെന്താണ് – അതിനെ അറിയുക. സ്വന്തം ചിത്തത്തിനെപ്പറ്റിയുള്ള സത്യമെന്താണ് – അതിനെ അറിയുക. നിന്റെ ഉള്ളിൽ വികാരങ്ങളുടെ ജനനം എവിടെയാണ് ഉണ്ടാകുന്നത് എന്നറിയുക. അതിന്റെ സംവർദ്ധനം എങ്ങനെയാണ് നടന്നു കൊണ്ടിരിക്കുന്നത്, അതിനെ അറിയുക. എന്നിട്ട് അതിനെ തടഞ്ഞു നിറുത്തിക്കൊണ്ട് അതിന്റെ നിഷ്കാസനം എങ്ങനെയുണ്ടാകുന്നു, അതറിയുക. ഇതാണ് നിന്റെ ജോലി. അതിനാൽ ഈ രൂപത്തിന്റെ ദർശനമുണ്ടായോ, ആകൃതിയുടെ ദർശനമുണ്ടായോ, പ്രകാശത്തിന്റെ ദർശനമുണ്ടായോ – സമ്യക് ദർശനവുമായി അതിന് ഒരു ബന്ധവുമില്ല. അല്പം പോലും ബന്ധമില്ല. ഭ്രമത്തിൽ പെട്ടു പോകരുത്.

ദർശനത്തിന്റെ ഒരർത്ഥം കൂടി. അത് വളരെ ഭ്രമം ജനിപ്പിക്കുന്നത്. വളരെ ഭ്രമം ജനിപ്പിക്കുന്നത്. ആ ദിനങ്ങളിലും കൂടാതെ ഇന്നും – ദർശനമെന്ന് തത്വജ്ഞാനത്തെയാണ് വിളിക്കുന്നത്. ഏതെങ്കിലും ദാർശനീക വിശ്വാസം – ഈ പരമ്പരയിലെ ഈ ഫിലോസഫിക്കൽ വിശ്വാസം, ആ പരമ്പരയിലെ ആ ഫിലോസഫിക്കൽ വിശ്വാസം. ഇപ്പോൾ ആ വിശ്വാസത്തിന്റെ ധ്യാനം ചെയ്തു കൊണ്ടിരിക്കുകയാണ്. അതിനാൽ ഏതൊരു ഫിലോസഫിയെ ഏതൊരു സമ്പ്രദായം, ഏതൊരു പരമ്പര വിശ്വസിക്കുന്നുവോ, ആ പരമ്പരയിൽ ജനിച്ച വ്യക്തി, ആ പരമ്പരയിൽ വളർത്തപ്പെട്ട വ്യക്തി, ആ കുടുമ്പത്തിൽ, ആ സമാജത്തിന്റെ ചുറ്റുപാടിൽ ഇതു കേട്ടുകൊണ്ടാണ് വളർന്നത് – ഈ ഫിലോസഫി തന്നെയാണ് സത്യം. ഇതേ ദർശന വിശ്വാസം തന്നെയാണ് സത്യം. അയാൾക്ക് ബാക്കി മുഴുവൻ കാര്യങ്ങളും നുണയായി തോന്നുന്നു. ഇതു തന്നെയാണ് സത്യം കാരണം അതിന്റെ ഇത്ര തടിച്ച–തടിച്ച ആവരണം ഉണ്ടാക്കിയിട്ടുണ്ട്. കുട്ടിക്കാലം മുതൽതന്നെ ബുദ്ധിയിൽ ലേപനം ചെയ്ത് ചെയ്ത് ഇത്ര ആഴത്തിലുള്ള വിശ്വാസമായി – മതി, ഇതുതന്നെയാണ് ശരി, ബക്കി എല്ലാം തെറ്റാണ്. നമ്മുടെ ഏതൊരു ദർശന വിശ്വാസമുണ്ടോ അത് സമ്യക് ആണ്. ഏതൊന്ന് മറ്റുള്ളവരുടെ ദർശന വിശ്വാസങ്ങളാണോ, എല്ലാം മിഥ്യയാണ്, ഭ്രമിപ്പിക്കുന്നതാണ്, നരകത്തിലേക്ക് നയിക്കുന്നതാണ്. ഞങ്ങളുടെ ദർശന വിശ്വാസം മുക്തിയിലേക്ക് നയിക്കുന്നതാണ്. ഈ ദർശന വിശ്വാസം, ഈ ദർശന വിശ്വാസം, ഭിന്ന–ഭിന്ന പരമ്പരകളുടെ ഭിന്ന–ഭിന്ന ദർശന വിശ്വാസങ്ങൾ. ഭിന്ന–ഭിന്ന സമ്പ്രദായങ്ങളുടെ ഭിന്ന ഭിന്ന ദർശന വിശ്വാസങ്ങൾ. അതിനാൽ സഹോദര, ഏതിനെ ശരി എന്നു വിളിക്കും? ഏതിനെ മിഥ്യ എന്നു വിളിക്കും? കൂടാതെ ഇതിനെപ്പറ്റി ഇത്ര കലഹങ്ങളും–യുദ്ധങ്ങളും, ഇത്ര വാദവിവാദങ്ങൾ, ഇത്ര തർക്ക–വിതർക്കങ്ങൾ, അപ്പോൾ ധർമ്മം എവിടെപ്പോയി? വലിയ ഭ്രാന്തി ജനിപ്പിച്ചു. ദർശന ശബ്ദത്തിന്റെ ഈ അർത്ഥം വളരെ ഭ്രാന്തി ജനിപ്പിക്കുന്നതായി. അതിനാൽ ചിലപ്പോൾ ഇങ്ങനെ പറയാറുണ്ട് – ദർശന ശബ്ദത്തിന്റെ ഈ അർത്ഥം ധർമ്മത്തിന് വളരെ വിരോധമാണ്. ഇത് രണ്ടിനും ഒരു പൊരുത്തവും ഇല്ല. അപ്പോൾ സമ്യക് ദർശനം എന്താണ്?

ദർശന ശബ്ദത്തിന്റെ ഒരർത്ഥം കൂടി പ്രാചീന ഭാരതത്തിൽ ആദ്ധ്യത്മീക ക്ഷേത്രത്തിൽ വളരെ പ്രയോഗിക്കപ്പെട്ടിരുന്നു. ഇപ്പോൾ പതുക്കെ പതുക്കെ അതിനെ മറക്കാൻ തുടങ്ങി. ആ ദിവസങ്ങളിൽ ദർശനത്തിന്റെ അർത്ഥം – അനുഭവം ചെയ്യൽ എന്നായിരുന്നു. ഏതൊരു സത്യത്തെയും അനുഭൂതിയിൽ കൊണ്ടുവന്നാൽ ദർശനമായി, സാക്ഷാത്കാരമായി, സ്വന്തം അനുഭൂതിയിൽ വന്നു. സത്യം അതുതന്നെയാണ്. മറ്റാരുടെയെങ്കിലും അനുദൂതിയിൽ വന്നാൽ അവന് ദർശനമായി. അവന് ദർശനമുണ്ടായി. എന്റെ അനുഭൂതിയിൽ വന്നു, അപ്പോൾ എനിക്ക് ദർശനമായി. അതിനാൽ സ്വയം എന്റെ അനുഭൂതിയിൽ ഏതൊരു സത്യം വന്നുകൊണ്ടിരിക്കുന്നോ അത് ദർശനം. അതിനെ തന്നെയാണ് ഇന്നത്തെ ഭാഷയിൽ പറയുന്നത് – കാണുക. ആ ദിനങ്ങളിലെ ഭാഷയിൽ അതിനെ ദർശനമെന്നു വിളിച്ചിരുന്നു, ‘പശ്യന’ എന്നും വിളിച്ചിരുന്നു. ഇന്നു പറയുന്നു ‘നോക്കുക.’ അതിനാൽ എപ്രകാരം ഈ ശബ്ദത്തിന്റെ ശരിയായ അർത്ഥത്തിന്റെ ധ്വനി ഇന്നു ചിലപ്പോൾ കേൾക്കപ്പെടുന്നു. പൂർണ്ണമായും ജനങ്ങൾക്ക്

മനസ്സിലാക്കാൻ സാധിക്കുന്നില്ല എന്നാൽ ധ്വനിയുണ്ട് – ചിലപ്പോൾ ആരെങ്കിലും പറയാറുണ്ടോ, ഓ, കഴിച്ചു നോക്കു. അപ്പോൾ കഴിച്ച് എന്താണ് നോക്കുന്നത്? കഴിച്ച് അതിന്റെ നിറമാണോ നോക്കേണ്ടത്? അതിന്റെ രൂപമാണോ കാണേണ്ടത്? ഓ, ഈ രസഗുള്ള കഴിച്ചു നോക്കൂ, നല്ല മധുരമുണ്ട്. ഓ, നീ ഇതിനെ കഴിച്ച് അനുഭവം ചെയ്യുക, വളരെ സ്വാദുള്ളതാണ്. അതിന്റെ രൂപമോ നിറമോ അല്ല നോക്കേണ്ടത്. ഈ സർബത്ത് കുടിച്ചു നോക്കൂ, വളരെ മധുരമുള്ളതാണ്, വളരെ സ്വാദിഷ്ഠമാണ്. അപ്പോൾ കുടിച്ച് എന്താണ് നോക്കാനുള്ളത്? അതിന്റെ നിറം നോക്കണോ? അതിന്റെ രൂപം നോക്കണോ? ഓ, കുടിച്ച് നീ സ്വയം അനുഭവിക്കൂ, എത്ര നല്ലതാണ്. സ്വാദനുഭവിച്ചു നോക്കു. ഈ സംഗീതം വളരെ മധുരമുള്ളതാണ്. ഓ, കേട്ടു നോക്കൂ. നീ കേട്ട് എന്താണ് നോക്കുന്നത്? നിറമാണോ നോക്കുന്നത്? രൂപമാണോ നോക്കുന്നത്? ആകൃതിയാണോ നോക്കുന്നത്? അനുഭവം ചെയ്യുക. ഇതിനെ കേട്ടുകൊണ്ട് സ്വയം അനുഭവം ചെയ്യുക. ഈ ദൃശ്യം നോക്കൂ എത്ര സുന്ദരമാണ്, എത്ര മനോഹരമാണ്. നോക്കൂ, അതായത് അനുഭവം ചെയ്യുക. കേവലം അതിന്റെ രൂപവും ആകൃതിയും നോക്കിയിരിക്കരുത്. ഇത് നോക്കൂ, പെർഫ്യും എത്ര സുഗന്ധമുള്ളതാണ്. ഓ, മണത്തു നോക്കൂ! അപ്പോൾ മണത്ത് എന്താണ് നോക്കുന്നത്? അതിന്റെ നിറമാണോ നോക്കുന്നത്? അതിന്റെ രൂപമാണോ നോക്കുന്നത്? അതിന്റെ ആകൃതിയാണോ നോക്കുന്നത്? അനുഭവിക്കുക, ഇത് ശരിയായ അർത്ഥമായി. ഇത് നന്മ ചെയ്യുന്ന അർത്ഥമായി. സാധനയുടെ ക്ഷേത്രത്തിന്റെ ഇതേ അർത്ഥത്തിനെ അനുഭൂതിയിൽ കൊണ്ടുവരിക. നിറം, രൂപം, പ്രകാശം, ആകൃതിയുമായി ബന്ധമില്ല. സ്വയം സ്വന്തം അനുഭൂതിയിൽ വരട്ടെ.

ഏതൊരു സത്യം എന്റെ സ്വന്തം അനുഭൂതിയിൽ വന്നുകൊണ്ടിരിക്കുന്നുവോ അത് എനിക്ക് സമ്യക് ദർശനം, കൂടാതെ ഏതൊരു ജ്ഞാനം ഉണരുന്നോ അതുതന്നെയാണ് സമ്യക് ജ്ഞാനം. പുസ്തകങ്ങളിലെ ജ്ഞാനം ജ്ഞാനമല്ല, സ്വന്തം അനുഭൂതികളുടെ ബലത്തിൽ ഉണർന്ന ജ്ഞാനം ജ്ഞാനമാണ്. ഏതൊരു ജ്ഞാനം അദ്ദേഹത്തിൽ ഉണർന്നോ, ഏതൊരു ബോധി അദ്ദേഹത്തിൽ ഉണർന്നോ, അതിനാൽ കേവലം ഒരു വ്യക്തി മുക്തനായി, വേറൊരാൾ ആയില്ല. ആ വ്യക്തി സിദ്ധാർത്ഥ ഗൗതമൻ, അദ്ദേഹമേ മുക്തനായുള്ളു. കൂടാതെ ഏതേത് വ്യക്തികൾ മുക്തരായോ സ്വന്തം അനുഭൂതിയാൽ സത്യത്തിനെ സാക്ഷാത്കരിച്ചാണ് മുക്തരായത്. പുസ്തകങ്ങൾ പഠിച്ച്, ഗ്രന്ഥം പഠിച്ച് വ്യക്തി മുക്തനാകില്ല, ബുദ്ധനായിത്തീരാൻ സാധിക്കില്ല, അർഹന്ത നായിത്തീരാൻ സാധിക്കില്ല, സ്ഥിതപ്രജ്ഞൻ ആയിത്തീരില്ല, അനാസക്തനായിത്തീരില്ല. ഏതെങ്കിലും വ്യക്തിക്ക് രാഗവിഹീനൻ, ദ്വേഷവിഹിനൻ, മോഹവിഹീനൻ ആയിത്തീരാനെ സാധിക്കില്ല. അനുഭൂതികളിൽ സത്യം വരണം. അനുഭൂതികളിൽ സത്യം വന്നാൽ പ്രജ്ഞ ഉണരാൻ തുടങ്ങി. നന്മയുടെ മാർഗ്ഗം തുറക്കാൻ തുടങ്ങി. എപ്പോൾ ബാക്കി മുഴുവൻ ജോലിയും അനുഭൂതികളിൽ വരുത്തുന്നുവോ പൂർണ്ണ മുക്തി അപ്പോഴേ ആകുകയുള്ളു.

ശീല, സദാചാരത്തിന്റെ കേവലം വർണ്ണനം ചെയ്തിരിക്കുകയാണ്, ശീലം ഇത്തരത്തിലാണ്, സദാചാരം ഇത്തരത്തിലാണ്. അതിന്റെ ഉപദേശം കൊടുത്തു കൊണ്ടിരിക്കുകയാണ്. ഇങ്ങനെ ശീലം പാലനം ചെയ്യേണ്ടതുണ്ട്, ഇങ്ങനെ സദാചാരം പാലനം ചെയ്യേണ്ടതുണ്ട്. അതിനെ സ്വീകരിച്ചു കൊണ്ടുമാത്രം ഇരിക്കുകയാണ്. അതേ അതു ചെയ്യേണ്ടതുണ്ട്, വളരെ നല്ലതാണ്. എന്നാൽ ചെയ്യില്ല. ചെയ്തില്ലെങ്കിൽ ദർശനമായില്ല. ആ ശീലസദാചാരത്തിന്റെ അനുഭൂതി സ്വന്തം ജീവിതത്തിൽ ഉണ്ടായില്ല. അപ്പോൾ മംഗളമുണ്ടായില്ല. സമ്യക്ദർശനമായില്ല. സമാധി ഇങ്ങനെയാണ്, ഇങ്ങനെയാണ്. ചിത്തത്തെ ഇങ്ങനെ ഏകാഗ്രമാക്കേണ്ടതുണ്ട്. തീർച്ചയായും ചെയ്യേണ്ട തുണ്ട്. അതെ, അതെ ചെയ്യേണ്ടതുതന്നെയുണ്ട്, വളരെ നല്ലകാര്യം. വളരെ നന്മയുടെ കാര്യം. അയ്യോ, ചെയ്തിട്ടൊന്നുമില്ലല്ലൊ! അനുഭൂതിയിൽ വന്നിട്ടില്ല ല്ലോ! അപ്പോൾ സമ്യക് ആയിട്ടില്ലല്ലോ! അതിനാൽ അനുഭൂതിയിൽ വരണം.

ഇപ്രകാരം ഏതൊരു ശീലസദാചാരം അനുഭൂതിയിൽ വന്നു കൊണ്ടിരിക്കുന്നുണ്ടോ, ഏതൊരു സമാധി അനുഭൂതിയിൽ വന്നു കൊണ്ടിരിക്കുന്നുണ്ടോ, അത് പ്രജ്ഞയെ അനുഭൂതിയിൽ കൊണ്ടുവരുന്നതിന് സഹായക മാകും. ഇനി അനുഭൂതിയുടെ ബലത്തിൽ, സ്വന്തം അനുഭൂതിയുടെ ബലത്തിൽ അവന്റെ ജ്ഞാനം ഉണർന്നുകൊണ്ടിരിക്കുകയാണ്. ഏതൊരു സ്വന്തം അനുഭൂതിയുടെ ബലത്തിൽ ജ്ഞാനം ഉണരുന്നുവോ, ഭാരതത്തിന്റെ പഴയ ഭാഷയിൽ അതിനെയാണ് പ്രജ്ഞയെന്നു വിളിച്ചിരുന്നത്. 'പ്രജ്ഞ' ശബ്ദത്തിന്റെ ശബ്ദാർത്ഥം പ്രത്യക്ഷ ജ്ഞാനം എന്നാണ്. പരോക്ഷ ജ്ഞാനമല്ല, അപരോക്ഷ ജ്ഞാനം, പ്രത്യക്ഷ ജ്ഞാനം. ഏതൊരു ജ്ഞാനം എന്റെ സ്വന്തം അനുഭൂതിയിൽ നിന്ന് ഉണർന്നു കൊണ്ടിരിക്കുന്നുവോ അത് എന്റെ സ്വന്തം ജ്ഞാനം. മറ്റാരുടെയെങ്കിലും ജ്ഞാനം എനിക്കായി വളത്തിന്റെ ജോലി ചെയ്യും, ഭക്ഷണത്തിന്റെയാകില്ല. എന്റെ സ്വന്തം ജ്ഞാനത്തിനെ ഉണർത്തുന്നതിന് സഹായകമാകാവുന്നതാണ്, പ്രേരണദായക മാകാവുന്നതാണ്, മാർഗ്ഗദർശനം കൊടുക്കാവുന്ന താണ്. എന്നാൽ ഉണർത്തേണ്ടതാകട്ടെ സ്വന്തം ജ്ഞാനമാണ്. സ്വന്തം ജ്ഞാനം എത്ര ഉണരുമോ, അത്ര അത്ര ദർശനം സമ്യക് ആയിക്കൊണ്ടുപോകും. കൂടാതെ ഈ ജ്ഞാനം, ഈ അനുഭൂതി ഇങ്ങനെ ഉണർന്നു – ശരീരത്തിന്റെയും ചിത്തത്തിന്റെയും പ്രപഞ്ചത്തെ പൂർണ്ണമായ രൂപത്തിൽ അറിഞ്ഞു. ശരീരത്തിന്റെയും ചിത്തത്തിന്റെയും മുഴുവൻ ക്ഷേത്രത്തെയും അനുഭൂതിയിൽ കൊണ്ടു വന്നു. അപ്പോൾ ശരിക്കും മനസ്സിലാക്കി. വികാരം ഉണരുന്നത് എങ്ങനെയാണ്? എവിടെയാണ് ഉണരുന്നത്? അതിനെ എങ്ങനെ തടഞ്ഞു നിറുത്താം? അതിന്റെ സംവർദ്ധനം എങ്ങനെ തടഞ്ഞു നിറുത്താം? അതിന്റെ നിഷ്കാസനം എങ്ങനെ ചെയ്യാം?

ഇങ്ങനെ അറിഞ്ഞ് അറിഞ്ഞ്, വികാരങ്ങളിൽ നിന്ന് വിടുതൽ നേടി–നേടി മുഴുവൻ ക്ഷേത്രത്തെ നോക്കി–നോക്കി, സ്വന്തം ചിത്തത്തെ ശുദ്ധി ചെയ്തു ചെയ്ത് ആ അവസ്ഥയിൽ എത്തിച്ചേരുന്നു – അവിടെ ശരീരത്തിന്റെയും ചിത്തത്തിന്റെയും അപ്പുറത്തുള്ള സത്യം, ആ പരമസത്യം, അതിന്റെ

സാക്ഷാത്കാരം ആയിത്തീരുന്നു. ശരീരത്തിന്റെ ചിത്തത്തിന്റെയും സത്യത്തിന്റെ ദർശനം. എന്നാൽ ശരീരത്തിന്റെയും ചിത്തത്തിന്റെയും സത്യത്തിന്റെ അനുഭൂതികളുടെ ജോലി ഇതിനാലാണ് ചെയ്തു കൊണ്ടിരിക്കുന്നത് – ഇതിനെപ്പറ്റി എത്ര ആഴത്തിലുള്ള താദാത്മ്യമാണ് സ്ഥാപിച്ചത്? ഈ ശരീരത്തെപ്പറ്റി 'ഞാൻ', 'എന്റെ' എത്ര ആഴത്തിലുള്ള താദാത്മ്യം കൂടാതെ എത്ര ആഴത്തിലുള്ള ആസക്തി. പുറമെ പുറമെ ആയിരം പറയുന്നുണ്ട്, ഇത് നശ്വരമാണ്, ഇത് ഭംഗൂരമാണ്, അയ്യോ, ഇതിലെന്താണുള്ളത്? ഇത് നിസ്സാരമാണ് എന്നാൽ എത്ര ആഴത്തിലുള്ള ആസക്തി. ഇതേ പ്രകാരത്തിൽ ഈ ചിത്തത്തിന്റെ ക്ഷേത്രത്തെ 'ഞാൻ', 'ഞാൻ', 'എന്റെ', 'എന്റെ', എത്ര താദാത്മ്യം സ്ഥാപിച്ചു കൂടാതെ എത്ര ആഴത്തിലുള്ള ആസക്തി ഉണ്ടായി. പുറമെ പുറമെ ആയിരം പറയുന്നുണ്ട്, ബുദ്ധിയാൽ വളരെ പറയുന്നുണ്ട്, അയ്യോ, ഈ മനസ്സാകട്ടെ ജഢമാണ്, ഇതിലെന്താണുള്ളത്? ഇതാകട്ടെ നശ്വരമാണ്, ഞങ്ങൾ ശരിക്കും മനസ്സിലാക്കുന്നുണ്ട്. എന്നാൽ അറിയുന്നില്ല, വെറും കാര്യങ്ങൾ പറയുന്നു. ഇപ്പോൾ അറിയാൻ തുടങ്ങി. പ്രജ്ഞയിൽ അറിയാൻ തുടങ്ങി. നോക്കൂ, എത്ര നശ്വരമാണ്? നോക്കൂ, എത്ര നശ്വരമാണ്? അപ്പോൾ അതിനെപ്പറ്റി ഏതൊരു ആസക്തി ഉണ്ടായിരുന്നോ അത് മുറിയുന്നു. അയ്യോ, ഇതിനുവേണ്ടിയാണ് ചെയ്യുന്നത്.

ഒരു വ്യക്തി കായസ്ഥൻ എന്തിനാണ് ആകുന്നത്? ഇതിനാലാണ് എന്തെന്നാൽ ശരീരത്തിന്റെ ഉള്ളിൽതന്നെയാണ് മുഴുവൻ വികാരങ്ങളും മുളക്കുന്നത്. ശരീരത്തിന്റെ ഉള്ളിൽതന്നെയാണ് ആസക്തികൾ ഉണരുന്നത്, കൂടാതെ ശരീരത്തിനെപ്പറ്റിയാണ് ഉണർന്നു കൊണ്ടിരിക്കുന്നത്, ചിത്തത്തിനെപ്പറ്റിയാണ് ഉണർന്നു കൊണ്ടിരിക്കുന്നത്. അതിൽ നിന്നും നമ്മൾക്ക് വിടുതൽ നേടേണ്ടതുണ്ട്. എങ്ങനെ വിടുതൽ നേടും? അതിൽ നിന്നും ദൂരെ ഓടി എങ്ങനെ നേടും? അതിനെ നേരിടണം – നോക്കൂ, ഇത് ഇത്തരം ശരീരം – ഇത്ര നശ്വരം, ഇത്ര ഭംഗുരം, ഇത്ര പരിവർത്തനശീലമുള്ളത്. ഇതിൽ എനിക്ക് ഒരു അധികാരവുമില്ല, എന്നാൽ ഇതിനെപ്പറ്റി ഇത്ര ആഴത്തിലുള്ള ആസക്തി ആയിത്തീർന്നിരിക്കുന്നു. ഈ ചിത്തം – ഇത്ര നശ്വരം, ഇത്ര ഭംഗൂരം, ഇതിനെപ്പറ്റി ഇത്ര ആസക്തി ജനിച്ചു. ഈ ആസക്തി മുറിഞ്ഞു മുറിഞ്ഞ് ചിത്തം നിർമ്മലമാകുന്നു. ഈ മുഴുവൻ അനിത്യക്ഷേത്രത്തിന്റെ ദർശനം ചെയ്തു ചെയ്ത് അനിത്യക്ഷേത്രത്തിന്റെ അനുഭൂതി ചെയ്തു ചെയ്ത്, ചിത്തത്തെ നിർമ്മലമാക്കി അതിന്റെ അതിക്രമണം ചെയ്യുന്നു, അതിനെ മറികടന്നു പോകുന്നു. അപ്പോൾ മനസ്സിന്റെയും ശരീരത്തിന്റെയും അപ്പുറത്തുള്ള അവസ്ഥ, മുഴുവൻ ഇന്ദ്രിയലോകത്തിന്റെയും അപ്പുറത്തുള്ള അവസ്ഥ, ഇന്ദ്രിയാതീത അവസ്ഥ, ഓ, അതിന്റെ അനുഭൂതി ആയിത്തീരുന്നു. അത് നിത്യമാണ്, അത് ശാശ്വതമാണ്, അത് ധ്രുവമാണ്. മുഴുവൻ ജോലി ഇതിനുവേണ്ടിയാണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്തെന്നാൽ എപ്രകാരം നിത്യം, ശാശ്വതം, ധ്രുവത്തിന്റെ ദർശനമുണ്ടാകും. ദർശനമുണ്ടാകണം. എന്നാൽ രൂപം, നിറത്തിന്റെ ദർശനമല്ല, അനുഭൂതി ഉണ്ടാകണം. വളരെ മംഗളം ആകുന്നു. ശീലം ഇതിനാലാണ് പാലനം ചെയ്യേണ്ടത് എന്തെന്നാൽ സമ്യക് സമാധി ആകണം. സമ്യക് സമാധി ഇതിനാലാണ് ചെയ്യുന്നത് എന്തെന്നാൽ പ്രജ്ഞ ഉണരണം എന്നിട്ട് പ്രജ്ഞാ വഴി ചിത്തത്തെ നിർമ്മലം ആക്കി മുഴുവൻ അനിത്യ ക്ഷേത്രത്തിൽ നിന്നും ആസക്തി മുറിച്ച്-മുറിച്ച് നിത്യ, ശാശ്വത, ധ്രുവത്തിന്റെ സാക്ഷാത്കാരം ചെയ്യണം.

ഓ, ഇതിൽതന്നെയാണ് മംഗളം സമാഹിതമായിരിക്കുന്നത്. ആര് ഈ മുക്തിയുടെ മാർഗ്ഗത്തിൽ നടക്കുന്നോ, വിശുദ്ധിയുടെ മാർഗ്ഗത്തിൽ നടക്കുന്നോ, ദർശനത്തിന്റെ മാർഗ്ഗത്തിൽ നടക്കുന്നോ, അവന് മംഗളം തന്നെ മംഗളം, നന്മ തന്നെ നന്മ, സ്വസ്ഥി മുക്തി തന്നെ സ്വസ്ഥി മുക്തി, മുക്തി തന്നെ മുക്തി.

**ധമ്മ കേതന വിപസ്സന മെഡിടേഷൻ സെന്റർ,**
മാമ്പ്ര പോസ്റ്റ്, കോഡുകുളഞ്ഞി, ചെങ്ങന്നൂർ,
കേരള – 689508. Phone: (0479)2351616.
email: info@ketana.dhamma.org.

**ശിബിരങ്ങളുടെ സൂചിക – 2011**

**പത്തു ദിവസ ശിബിരം:** 13–24.1.2011, 3–14.2, 18.2–1.3(Female only),17–28.3, 17–28.4, 5–16.5, 2–13.6, 7 –18.7, 18–29.8, 17–28.9, 13–24.10, 5–16.11, 20.11–1.12(Female only), 20–31.12.2012

**Contact:** കേരള വിപസ്സന സമിതി, മൈത്രി, നേരചത്തര ലേൻ, പെരണ്ടൂർ റോഡ്, ഏലമക്കര പോസ്റ്റ്, കൊച്ചി–682026. Phone: (0484)2539891: Mobile: 9846569891.

…………………